# പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:326

19/02/2013 - ൽ മറുപടിക്ക്

## മത്സ്യസമ്പത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ശിവദാസൻ നായർ:<br>„ ജോസഫ് വാഴക്കൻ:<br>„ റ്റി. എൻ. പ്രതാപൻ:<br>„ പി. സി. വിഷ്ണുനാഥ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ഉൾനാടൻ മേഖലയിൽ സമഗ്ര വികസനം സാധ്യമാക്കത്തക്കവിധം മത്സ്യകൃഷി വികസനത്തിന് ഊന്നൽ നല്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജനപങ്കാളിത്തത്തോടെയും കൂടി "മത്സ്യ സമൃദ്ധി" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യ സമൃദ്ധി മുഖേന മൂന്ന് വർഷം കൊണ്ട് ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യ കർഷക വികസന ഏജൻസികൾ മുഖേനയും ഉൾനാടൻ മത്സ്യകൃഷി നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ജലകൃഷി വികസനത്തിനായി നിരവധി പദ്ധതികൾ അഡാക്ക് വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇവയിൽ |

കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, കൈപ്പാട് നിലങ്ങൾ എന്നിവയിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൂടുകളിലെ മത്സ്യകൃഷി, വെള്ളങ്ങളിലെ മത്സ്യകൃഷി എന്നിവ ഉൾപ്പെടുന്നു. കൂടാതെ ജലകൃഷി വികസനത്തിനായി വിത്തുല്പാദന കേന്ദ്രങ്ങൾ, വിത്ത് ഗുണമേന്മ പരിശോധിക്കുന്നതിന് പി.സി.ആർ ലാബുകൾ, ജലകൃഷി പരിശീലനത്തിനായി പൊയ്യ, എരഞ്ഞോളി എന്നിവിടങ്ങളിൽ പ്രദർശന ഫാമുകൾ എന്നിവ അഡാക്കിന്റെ പദ്ധതികളിൽ പെടുന്നുണ്ട്.

കേരളത്തിലെ റിസർവോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയും അഡാക്ക് വഴി നിർവ്വഹണം നടത്തി വരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യ കൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനായി സംസ്ഥാന തീരത്ത് പലയിടത്തും കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സീറാഞ്ചിംഗ് പദ്ധതിപ്രകാരം ഓരു ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു വരുന്നു.

(ബി) ഇതിനായി ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തെ മത്സ്യമേഖലയിൽ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടും മൂന്നു വർഷം കൊണ്ട് ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജനപങ്കാളിത്തത്തോടെയും "മത്സ്യ സമൃദ്ധി" എന്ന പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യകർഷക വികസന ഏജൻസികൾ മുഖേന മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ 20 ജലസംഭരണികളിൽ ദേശീയ മത്സ്യ വികസന ബോർഡിന്റെ ധന സഹായത്തോടെ മത്സ്യ/ആറ്റു കൊഞ്ച് വിത്തു സംഭരണവും സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗിച്ച് പൊതുജലാശയങ്ങളിൽ മത്സ്യ വിത്തു നിക്ഷേപവും നടന്നു വരുന്നു.

ജലകൃഷി വികസന ഏജൻസി (അഡാക്ക്) മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായ കുട്ടനാട് പാക്കേജിൻ കീഴിൽ അഡാക്ക് മുഖേന കുട്ടനാടൻ കാർഷിക പരിസ്ഥിതി പുനരുജ്ജീവനം – സുസ്ഥിര മത്സ്യകൃഷിയിലൂടെ എന്ന പദ്ധതിയും കരിമീൻ – കുട്ടനാടൻ കൊഞ്ച് ഇവയുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനുള്ള സമഗ്ര പദ്ധതിയും നടപ്പാക്കി വരുന്നു.

ഒന്നാമത്തെ പദ്ധതിയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി (200 ഹെക്ടർ), വല്ലങ്ങളിലെ (ജലി) മത്സ്യ കൃഷി (300 യൂണിറ്റ്), തനതു മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനായി ഫിഷ് സാങ്ച്വറി സ്ഥാപിക്കൽ (3 എണ്ണം) കരിമീൻ വളർത്തൽ യൂണിറ്റുകൾ (100 എണ്ണം) എന്നിവ ഉൾപ്പെടുന്നു.

രണ്ടാമത്തെ പദ്ധതിയിൽ ആയിരം തെങ്ങ് ഫാമിൽ മാതൃക കരിമീൻ വിത്തുല്പാദന കേന്ദ്രവും ഗവേഷണ പരിശീലന കേന്ദ്രവും സ്ഥാപിക്കൽ, കൂടുകളിലെ മത്സ്യ കൃഷി (12 യൂണിറ്റുകൾ), ഫിഷ് സാങ്ച്വറി (2 എണ്ണം), കരിമീൻ/ ആറ്റുകൊഞ്ച് വിത്ത് നിക്ഷേപം എന്നിവ ഉൾപ്പെടുന്നു.

മേൽ വിവരിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ കുട്ടനാടിന്റെ കാർഷികോല്പാദനത്തിലും, മത്സ്യോല്പാദനത്തിലും വമ്പിച്ച വർദ്ധനവ് പ്രതീക്ഷിക്കുന്നു.

കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻകൃഷിയും കൂടുകളിലെ മത്സ്യ കൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പുതിയതുറ, കരിങ്കുളം, പൂവാർ എന്നീ മത്സ്യ ബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 300-ഓളം കൃത്രിമ പാരുകളും സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികളിലൂടെ മത്സ്യ സമ്പത്ത് എത്രയായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ? | (സി) മത്സ്യസമൃദ്ധി പദ്ധതി മുഖേന മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. മറ്റ് പദ്ധതികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ മത്സ്യോല്പാദനത്തിൽ വമ്പിച്ച വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ